Across Kerala, there are too many homes filled with silence, beautiful mansions built with love, now echoing emptiness. We think we are giving our parents the world. Sometimes, all they wanted was our time. Too often, we arrive only when the call comes too late, rushing home for their farewell while they lie in the mortuary still waiting for us, even in death.
When my father left, a strange question kept echoing in my mind. Who feels the deepest sorrow?
A father who loses his son,
a mother whose arms will never hold her child again,
a wife whose days fall silent without her husband,
or a daughter watching her world collapse with her father's last breath?
Perhaps grief cannot be measured. I will never know whose sorrow is greater.
I only know that what I lost cannot be weighed,and the ache will walk beside me until my last day.
Every time I leave home, I still hear his voice: "Be happy, and make others happy."
Pappa, I am doing my best to live it.
Dear Pappa, everything was easier with you. I am your daughter—once, forever, yours.
If love is a light, yours still burns in me.
If love is a place, I will find you there.

I will forever miss the way you waited for me at the railway station, countless times, right at the door of my train, as if my journey wasn't truly over until your eyes had found mine and your presence had wrapped me in home.

Have your say

Dr. Mini Mathew

Watsupp, Twitter,GOAT (Greatest of all time) TBH (To be honest) IMO/IMHO (In my opinion/In my humble opinion) LOL(Laugh out loud),innumerable emojis ….the list is endless…welcome to the modern era rhetorics..Lesser dictions,lesser words ,more of smileys ,the mood,tempo and feeling being filtered out day by day,message by message.

My grandpa was a master communicator…His daily advice of 'Learn to talk,learn to build contact'is a mantra of management studies..The oldies may ask 'Why not make a call ' while the new gen dives for one of the many social media platforms to clarify a point.Where lies the perfect choice?

The former has the advantage of getting an instant response at the risk of catching the listener at a busy moment.The later has the advantage of being delivered a wiser response at the risk of being missed out in an ocean of unread messages ..Then come the audio clips.- To the immense advantage of those who dislike typing but at the risk of having to wait for the download and for a private space to listen to.These audio clips nevertheless give the listener a feeling of closeness ,courtesy the vocalisation and emotions poured in.

These potpourri of choices are caving onto the privacy of the cotraveller.A train journey turns out to be a nightmare with a hundred and one mobiles being tuned on into thousand and one spotifies and OTTs.The millionth phone call is being taken as an opportunity to display one's own anger and mirth oblivious to the public listening.Your aching ear is bombarded with a business talk ,with a college romance ,with a mom scolding her child,with the latest gossip and what not.

The flip side of the coin is the social media not being used for the rebuilding of relations. Let's reuse this media to refresh our bonds..A call a week,a smiley a day,a thumbs up to a status…it can soften a heart,refresh a soul and bring a twinkle of glee to the bored.Let's take a break from the mundane , pick up that long ignored contact, an older whose kids are away,that aunty who was widowed recently,lending our time and space to the neighbour.Let the art of quality talk have its space in our lives,to revive those memories ,to create cherishing moments,to bring back that nostalgia which in themselves are reserve banks of dopamine.

You can have your say.

goat on a car in the centre of Chennai , at T Nagar taken today 19 May 2025.
Dr. Ashok Kurien

Dr. Jayan Thomas

KARAMANA DIARIES

Dr. Preethi Prasanth

One might ask whats the most celebrated event in my family and neighborhood families, it definitely was death of an old person especially a thaathi (grandma).A thaathi gone first is a sumangali whose death is one to be celebrated as per old traditions leaving the poor thatha alone at the mercy of rest of family. Sumangali death should be preceded by making all married men independent enough to look after their basic needs which is never the reality.My maternal grandmother died first and the mangalyapondukal (or sumangali prarthanai) still happens with feeding a number of married ladies and kanyapongal (premenarche girls) etc and giving them sarees and all. Not going into the social aspects of such traditions because we never realised the negative impact of these when we were kids.We used to get same half skirt and blouse material and all three of us will be dressed in the same like some circus girls. I used to cry I wont wear these kattakkada pink and pandi green skirt and matching blouses which will be selected by my thatha.

Sraadham, post death ceremonies etc had lots of customs and even more of food and sadyas making me look forward to sradhams at home.My maternal grandfather's (thatha's) father Airavathaiyer was a very tall and hefty man and story has it that he could prevent a wall from falling by holding with his shoulders (God only knows the truth). He was married when he was twenty or so to a five year old bride. The bride wont even wear a skirt, blouse being not a necessary garment for small girls of that era.

We were very curious to listen to stories about the anchuvayassu paatti and used to giggle a lot thinking about her.Anyway poor child (my great grandma) died when she was six and my kollu thatha Airavathaiyer married my great grandma (kolluppaatti). My thatha used to do sraadham and mangalyapondukal (sumangali pooja) for this five yr old thathi who he has never seen until he was eighty five plus yrs old and bedridden.Since my amma's house was nearby in Karamanai, we girls could attend all functions at thatha's house, and the sradham lunch included appam, vadai, sughiyan (with real coconut poornam) thengai and paal therattippal (so much more better than any paalkova) and all sorts of curries, pachadi kichadi etc. Only restrictions was that one has to use only pepper and salt as spices(dont know the reason for that). After a lengthy homam and final pradakshinam around the homakundam, the priests or the vadhyars have to be fed first since they are representing the dead person's soul and then its time for the whole family to eat and tell stories about the thaathi or thaatha.

We had the fortune or misfortune to live with kaavi clad head shaven widows of the previous century. One such lady used to live adjacent to my thatha's house and since she was very particular about who can touch her or go near her we used to call her shudhappatti (one who was obsessed with cleanliness).

We used to go touch her and run and she used to get irriatted i still dont know for what. She wont even touch wet washed clothes which will be spread with a bamboo pole on to the clothesline. She used to live very frugally and used to stay with her grandson who was a friendly anna.

Friendly neighborhood paatti also was one who used to wear kaavi saree, no blouse and with head shaven. Once or twice I remember the local barber Krishnankutty come for shaving her hair sitting in the verandah and we kids were chased away saying one shouldnt be watching such rites.

She was a soft and sweet paatti and very loved by the family also even though they followed the rituals even when she was old.

My association with paattis and thathas continued even when i joined medical college beacuse as a medical student it was my duty to go check BP, give injections etc. I went and stood in injection room with a friend just to learn to give all sorts of injections from intradermal to subcutaneous to intramuscular, intravenous etc as soon as i reached third year and clinics started.

All that was fine until onenight I got a call to go and confirm death of a nearby maami. I was very reluctant as a third or fourth year student, anyway appa came along and I called her name, felt pulse, and searched for heart sounds etc and declared her dead. After reaching home I couldnt sleep thinking what will happen if she gets up next day before she was cremated. Anyway nothing happened like I feared but the night calls continued until I got married and left the place.

After becoming a proper doctor, I am sad to say no one in the present neighborhood has called for such a confirmation. Maybe ophthalmologists are not considered doctors by the public.



ഡോ. ലതാ മോഹൻ

ഒപി നുറുങ്ങുകൾ

തിമിരശസ്ത്രക്രിയ കഴിഞ്ഞ ഒരമ്മയുടെ ആദ്യദിനത്തിൽ eyepad എടുത്തശേഷം ഡോക്ടർ: അമ്മെ എത്ര വിരലുകൾ കാണുന്നുണ്ട് ?

രോഗി: 4

ഉടനെ രോഗി 2 വിരൽ ഉയർത്തി കാണിച്ച് ചോദിച്ചു ഡോക്ടറേ ഇതെത്ര വിരലുകൾ ഉണ്ട് , ഒന്ന് പറഞ്ഞാട്ടെ.

നേഴ്സ് അതാ പൊട്ടിച്ചിരിക്കുന്നു

അച്ഛനും മകനും ഒപിയിൽ മകനെ കാണിക്കാൻ വന്നു. അച്ഛൻ മുന്നേ റൂമിൽ കയറി ഡോക്ടറോട് കാര്യങ്ങൾ അവതരിപ്പിച്ചു. മകൻ മൊബൈലിൽ തന്നെയാണ് എപ്പോഴും. പറഞ്ഞാൽ അനുസരിക്കുന്നില്ല. അവൻ ഭയങ്കര സൗന്ദര്യബോധമുള്ളവനാണ്. അതുകൊണ്ട് ഡോക്ടർ അവനോട് മൊബൈലിൽ കൂടുതൽ സമയം നോക്കിയാൽ കോങ്കണ്ണ് വരുമെന്ന് പറയണം .

What an Idea Sirji

ജാലകക്കാഴ്ചകൾ



ഡോ. ലതാ മോഹൻ

ഹബീബീ.. ഹബീബീ... ദുബായ്
ഹബീബീ ദുബായ്... ഹബീബീ ദുബായ് ...
പറന്നുപൊങ്ങും ഗഗനയാനത്തിൽ
സാകൂതമിരുന്നു ജാലകക്കാഴ്ചകൾക്കായ്
മന്ദം മന്ദം ഉയരുമ്പോൾ താഴെ കാഴ്ചകൾ
സൂക്ഷ്മമാകുന്നുണ്ടല്ലോ
നൂൽപ്പാലങ്ങളായി മാറുന്നു പാതകൾ
നീലപ്പുടവയായി പുഴകളും
ചെറുചെറു പെട്ടികളായി രമ്യഹർമ്യങ്ങളും സുന്ദരമീ ഭൂതലം

പിന്നെയും പിന്നെയും ഉയരങ്ങളിലെത്തുമ്പോൾ
എൻ ആകാശനൗക ഒന്നു മെല്ലെ ആടിയുലഞ്ഞോ
അല്ല തൊട്ടിലാട്ടിയതോ
ഉറങ്ങാൻ മനസ്സില്ലെന്ന് ആത്മഗതം പൂണ്ട്
ആകാശക്കാഴ്ചകളിലേക്കൂളിയിട്ടു ഞാൻ
നീലവാനത്തിൽ വിഹരിക്കും ഈ പഞ്ഞിക്കെട്ടുകൾ
മേഘകൂമ്പാരങ്ങളോ ഹിമാനികളോ
അതോ മഞ്ഞുമലകളോ അല്ല ഭൂമിദേവിയെ
ചൂടിനിൽക്കും വെൺകൊറ്റക്കുടകളോ
ഈ വിസ്മയക്കാഴ്ചകൾ എന്നെ ഭ്രമിപ്പിക്കുന്നല്ലോ
ഒന്ന് സ്പർശിക്കാൻ കൊതിക്കുന്നല്ലോ
അതാ അങ്ങകലെ കാണുന്നിതാ
മഴവിൽക്കൊടി കമാനം
ഇതോ സ്വർഗ്ഗവാതിൽ കവാടം
ഇതോ സ്വർഗ്ഗവാതിൽ കവാടം ....

മേഘങ്ങൾക്കിടയിൽ ഊളിയിടും
എൻ വിമാനം കീഴോട്ടിറങ്ങുകയാണോ ?
അതാ കാണുന്നൂ മണൽകൂമ്പാരങ്ങൾ, മരുപ്പച്ചകൾ ,
ചെറുദ്വീപുകളായി മണലാരണ്യങ്ങൾ
വീണ്ടും താഴോട്ടണയുമ്പോൾ ചെറുതൂണുകളായി
അംബരചുംബികളാം സൗധങ്ങൾ
യന്ത്രത്തോണികൾ നിറഞ്ഞ കടൽക്കരയും ...

ഈ ദൃശ്യവിസ്മയങ്ങൾക്കറുതിയായല്ലോ
കട കട ശബ്ദവീചിയോടെ എൻ വിമാനം
ധരണിയെ സ്പർശിച്ചല്ലോ ഈ സ്വപ്നഭൂമിയിൽ
ഞാൻ പാദങ്ങളെടുത്തുവച്ചല്ലോ
ഹബീബീ ദുബായ് ... ഹബീബീ ദുബായ്...

രംഗ ബോധമില്ലാത്ത കോമാളി

ഡോ. രമ്യ. ഇ

സംഭവം നടക്കുന്നത് 2011ൽ. ഞാൻ അന്ന് രണ്ടാം വർഷ പി.ജി വിദ്യാർത്ഥിനി. ബ്രിട്ടീഷ് വാഴ്ചയെ വിളിച്ചോതുന്ന കരിങ്കൽ ചുമരുകളുള്ള മിന്റോ ഐ ഇൻസ്റ്റിറ്റ്യൂട്ട്. ഓരോ മൂന്ന് മാസം കൂടുന്തോറും പോസ്റ്റിംഗ് മാറും. അങ്ങനെ കോർണിയ ഡിപ്പാർട്ട്മെൻറ് ആയിരുന്നു ആ മൂന്ന് മാസത്തെ പോസ്റ്റിംഗ്. പ്രൊഫസർ രവിശങ്കറിന്റെ കൂടെയുള്ള റൗണ്ട്സ്...ആ ദിവസങ്ങൾ ഇന്നും ഓർക്കുന്നു. അന്ന് ഒരു കുടുംബത്തിലെ മൂന്നു കുട്ടികൾ കോർണിയ വാർഡിൽ അഡ്മിറ്റ് ആയിരുന്നു. സി എച്ച് ഇ ഡി (CHED) എന്ന അസുഖം ബാധിച്ച് കോർണിയ ട്രാൻസ്പ്ലാൻറ്നു വേണ്ടി കാത്തിരിക്കുകയായിരുന്നു അവർ. രസകരമാണ് അവരുടെ പേരുകൾ. നേത്രാവതി മൂത്തമകൾ. നിറയെ പൂക്കളുള്ള റോസ് കളർ പാവാടയും ബ്ലൗസും ഇട്ട കുഞ്ഞിനെ ഓർക്കുന്നു. താഴെ രണ്ട് ആൺകുട്ടികൾ. നേത്രാവതി ഇതിനു മുന്നേ ഒരു പ്രാവശ്യം ട്രാൻസ്പ്ലാൻറ് കഴിഞ്ഞതാണ്. പക്ഷേ അത് ഫെയിലിയർ ആയി. വീണ്ടും ട്രാൻസ്പ്ലാൻറിന് എത്തിയിരിക്കുകയാണ് മൂന്ന് കുഞ്ഞുങ്ങളെയും കൂട്ടി ആ അച്ഛൻ. കൂലിപ്പണി ചെയ്ത് ജീവിതം നീക്കുന്ന ആ മനുഷ്യന് മക്കളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിച്ചിരുന്നു. നിഷ്ക ളങ്കത തുളുമ്പുന്ന മുഖം. എവിടെ കണ്ടാലും പുഞ്ചിരിക്കും. പണ്ടുമുതലേ എനിക്ക് കുട്ടികളോട് ഇത്തിരി സ്നേഹം കൂടുതലാണ്. അവരുടെ നിഷ്ക ളങ്കത എന്നും എന്നെ ആകർഷിച്ചിരുന്നു. (പണ്ട് എംബിബിഎസ് പഠിക്കുമ്പോൾ പീഡിയാട്രീഷ്യൻ ആവണം എന്നായിരുന്നു ആഗ്രഹം. അത് സാധിക്കാതെ വന്നപ്പോൾ ഇന്ന് ആ ആഗ്രഹം പീഡിയാട്രിക് ഓഫ്താൽമോളജിസ്റ്റ് എന്ന വേറൊരു വഴിയിലൂടെ സാധിച്ചു.)

Keratoplasty കഴിഞ്ഞു. കാഴ്ചയും മെച്ചപ്പെട്ടു. മൂന്ന് ദിവസത്തെ ലീവിന് ബാംഗ്ലൂരിൽ നിന്നും വീട്ടിലേക്ക് പുറപ്പെട്ടതാണ്. തിരിച്ചുവന്നു വാർഡിൽ കയറി യപ്പോൾ അപ്പോൾ നേത്രാവതി മുഖം തിരിഞ്ഞിരിക്കുന്നു. എന്തു പറ്റി മോളേ? അല്ലെങ്കിൽ വാ തോരാതെ സംസരിക്കുന്ന കുട്ടിക്ക് ഇതെന്ത് പറ്റി? പക്ഷേ കുഞ്ഞ് സംസാരമില്ല. ഡോക്ടർ നാട്ടിൽ പോയതുകൊണ്ട് അവൾ വിഷമിച്ച് ഇരിക്കുവാണ്. അവളുടെ അച്ഛൻ പറഞ്ഞു. എന്നാലും അവളുടെ അടുത്തേക്ക് പോയി സമാധാനിപ്പിക്കാൻ ശ്രമിച്ചു. ഉച്ചയ്ക്ക് സാധാരണ പോലെ ഭക്ഷണം കഴിച്ചിട്ടില്ല. ഞാൻ വെള്ളം കുടിക്കാൻ കൊടുത്തപ്പോൾ അപ്പോൾ അസാധാരണമായ ഒരു ഭാവം. സാറിനോട് പറഞ്ഞു. കണ്ട ഉടനെ അമ്മാ, this looks like rabies..സാറിന്റെ provisional diagnosis.

സാർ എന്നോട് പട്ടിയോ പൂച്ചയോ മറ്റോ കടിച്ചിട്ടുണ്ടോ എന്ന് ചോദിക്കാൻ പറഞ്ഞു. ചെറിയ കുഞ്ഞു മക്കൾ വാക്കുകൾ പഠിച്ചു തുടങ്ങുന്നത് പോലെ തപ്പി തപ്പി ആണ് എന്റെ കന്നട. കന്നടയിലെ പല വാക്കുകളും അറിയില്ല. പല കുറുക്ക് വഴികളും പഠനത്തിനായി ഉപയോഗിക്കാറുണ്ട്. മിക്കവാറും 'പ' മലയാളത്തിൽ തുടങ്ങുന്ന വാക്കുകളെല്ലാം 'ഹ' ഇലാണ് കന്നടത്തിൽ. പുലി ഹുലി, പാൽ ഹാൽ... ഇങ്ങനെ. ഇതും മനസ്സിൽ വിചാരിച്ച് പൂച്ച കടിച്ചിട്ടുണ്ടോ പൂച്ച മാന്തിയിട്ടുണ്ടോ എന്നൊക്കെ... ഹുച്ച കച്ചിതിയാ.. മാന്തുന്നതൊക്കെ ആംഗ്യഭാഷയൊക്കെ കാണിച്ചു. പിന്നീടാണ് ഈ 'ഹുച്ച്' എന്നാൽ 'ഭ്രാന്ത്' എന്നാണ് അർത്ഥം എന്ന് മനസിലായത്. ദൈവം ഓരോന്ന് കറക്റ്റ് സമയത്ത് ഇങ്ങനെയും പറഞ്ഞു തരുമല്ലോ..

കർണാടകയിലെ ഒരു ചേരി പ്രദേശത്താണ് ഇവരുടെ താമസം.. സാർ എന്നോട് കുട്ടിയെയും കൂട്ടി പീഡിയാട്രിക്സ് ഡിപ്പാർട്ട്മെൻറ് ലേക്ക് പോകാൻ പറഞ്ഞു. ഒന്നാം നിലയിൽ ഉള്ള വാർഡിൽ നിന്ന് കഷ്ടിച്ച് എങ്ങനെയോ കുട്ടിയെ താഴത്തേക്ക് മാറ്റി. ഒരു ഓട്ടോ പിടിച്ചു ഞാനും കുട്ടിയും അച്ഛനും Mother and Child Hospital വാണിവിലാസിലേക്ക് പുറപ്പെട്ടു. ഓട്ടോയിൽ വച്ചു കാറ്റടിക്കും തോറും കുഞ്ഞിനു വെപ്രാളം. Causality ഇൽ എത്തി പ്രാഥമിക പരിശോധനകൾ എല്ലാം ചെയ്തു. ബിപി കൂടുതലാണ് കുഞ്ഞിൻറെ സ്വഭാവത്തിലും ചെറിയ വ്യത്യാസം..hypertensive encephalopathy, rabies encephalopathy ഇങ്ങനെ മൂന്നു നാലു diagnosis കേസ് ഷീറ്റിൽ ഇടം പിടിച്ചു. ഏതാണ്ട് വൈകീട്ട് ഏഴ് മണി വരെ കുഞ്ഞിന്റെ കൂടെ തന്നെ നിന്നു. വീട്ടിലേക്ക് ഏകദേശം ഒന്നര മണിക്കൂർ യാത്രയുണ്ട്. ബാംഗ്ലൂരിലെ ട്രാഫിക്കിനെ പറ്റി പറയേണ്ട കാര്യമില്ലല്ലോ. സാറിനോട് സംസാരിച്ചു ഞാൻ വീട്ടിലേക്ക് മടങ്ങി. വീട്ടിൽ എത്തിയപ്പോഴും മനസ്സിൽ അവൾ മാത്രമേ ഉള്ളൂ. അത്രക്ക് ഇഷ്ടമായിരുന്നു അവളോട്. ഞാൻ ഭർത്താവിന്റെ അമ്മയുടെ കൂടെയാണ് താമസം. വീട്ടിലെത്തി കഥ എല്ലാം അമ്മയോട് പറഞ്ഞു. ഉറങ്ങാൻ കിടന്നു. പക്ഷേ ഒരു പോള അടയുന്നില്ല. രാത്രി ഏകദേശം ഒരു മണി ആയപ്പോൾ ഫോൺ വന്നു. അവൾ ഈ ലോകത്ത് നിന്നും പോയിരിക്കുന്നു.. റാബീസ് ആയിരിക്കാം എന്ന് തന്നെയാണ് പീഡിയാട്രിക്സ് വിഭാഗം മേധവികളുടെയും പ്രാഥമികനിഗമനം. പോസ്റ്റ് മോർട്ടം കഴിഞ്ഞു. അത് റാബീസ് മരണം തന്നെ.. Hospital ഇൽ Meeting. അവസാനം keratoplasty വഴിയാണ് rabies virus transmission നടന്നതെന്ന നിഗമനത്തിൽ എത്തി. കുട്ടിയുമായി സമ്പർക്കത്തിൽ വന്ന എല്ലാവരും Antirabies ഇൻജക്ഷൻ എടുക്കാൻ ഉത്തരവായി. അവളെ നോക്കിയ ഡോക്ടർമാരും നഴ്സുമാരും അറ്റെണ്ടേഴ്സും എല്ലാവരും ഇൻജക്ഷൻ എടുത്തു.

പാവം ആ അച്ഛനെ നാട്ടുകാർ ചീത്ത വിളിക്കാൻ തുടങ്ങി. ഒരു പ്രാവശ്യം കണ്ണ് ഓപ്പറേഷൻ ചെയ്തിട്ട് ശരിയായില്ലല്ലോ. ഇപ്പൊ കുഞ്ഞ് തന്നെ ഇല്ലാതായല്ലോ. ആ മനുഷ്യൻ ആ നിമിഷത്തിലും താൻ ചെയ്തത് ശരി ആണെന്നുള്ള ഉറച്ച വിശ്വാസത്തിൽ നിന്നു. ചികിത്സിച്ച എല്ലാവരോടും കൈകൂപ്പി നിൽക്കുന്ന സ്നേഹ സ്വരൂപന്റെ രൂപം ഇന്നും മായാതെ നിൽക്കുന്നു.

PG കഴിഞ്ഞ് നാട്ടിലെത്തിയ സമയത്തും ആ അച്ഛൻ ഇടക്കിടെ വിളിക്കുമായിരുന്നു. നേത്രാവതി എന്ന നമ്പറിൽ ഫോൺ റിംഗ് ചെയ്യുമ്പോൾ മനസ്സ് ഒന്ന് വിങ്ങും... എന്റെ കുഞ്ഞനുജത്തിയുടെ ഓർമകളിൽ.

പാസ്പോർട്ട് ഇല്ലാതെ പാക്കിസ്ഥാനിൽ

ഡോ. മോഹൻ പി. ഐ

1963. പത്താം ക്ലാസ്സ് കഴിഞ്ഞു. ഇനി ഒരു വർഷത്തെ പ്രീ യൂണിവേഴ്സിറ്റി ആണ്. ഏതു കോളേജിൽ അഡ്മിഷൻ എടുക്കണം എന്ന ആലോചനയിൽ ഇരിക്കുമ്പോൾ ഒരു സുഹൃത് പറഞ്ഞു നമുക്ക് രണ്ടു വർഷത്തെ പ്രീമെഡിസിൻ പഠിച്ചാൽ ലുധിയാന മെഡിക്കൽ കോളേജിലോ മറ്റു ഉത്തരേന്ത്യൻ മെഡിക്കൽ കോളേജുകളിലോ മെഡിസിന് അഡ്മിഷൻ കിട്ടാൻ സാധിച്ചേക്കും. പഞ്ചാബിൽ ബറ്റാലയിൽ ഒരു ക്രിസ്ത്യൻ കോളേജ് ഉണ്ട് – ബാറിങ് യൂണിയൻ ക്രിസ്ത്യൻ കോളേജ്. (1878 ഇൽ മഹാരാജ ഷേർസിംഗ് അനുവദിച്ച അദ്ദേഹത്തിന്റെ അനാർക്കലി പാലസിൽ തുടങ്ങിയ സ്കൂൾ 1944 ഇൽ കോളേജ് ആയി നവീകരിച്ചു).

അങ്ങിനെ അഡ്മിഷൻ ശരിയാക്കി, യാത്ര പുറപ്പെട്ടു. ഒരു രാത്രി യാത്ര കൊണ്ട് രാവിലെ മദ്രാസിൽ എത്തി. അവിടെ നിന്നും ഡൽഹിയിലേക്ക് രു ട്രെയിനുകൾ മാത്രം. ഗ്രാൻഡ് ട്രൂങ്ക് എക്സ്പ്രസ്സ്, സതേൺ എക്സ്പ്രസ്സ് എന്നിവ. ഈ ട്രെയിനുകളിൽ ബെർത്ത് ബുക്ക് ചെയ്യുന്നത് എറണാകുളത്തു നിന്ന് ടെലിഗ്രാം അയച്ചിട്ടാണ്. പക്ഷേ മദ്രാസിൽ നിന്നും പോർട്ടർ മാർ വഴി ഒരു സീറ്റ് കിട്ടിയാൽ ഭാഗ്യം. മൂന്നാമത്തെ ദിവസം ഡൽഹിയിൽ എത്തും. പൊള്ളുന്ന ഉഷ്ണം സഹിച്ചു വേണം യാത്ര. പോരാത്തതിന് കൽക്കരി എൻജിൻ. ഡൽഹിയിൽ മൂന്നാം ദിവസം രാവിലെ പത്തര മണിക്ക് എത്തിയാൽ പന്ത്രണ്ടേകാലിനുള്ള ഫ്ളയിങ് മെയിൽ കിട്ടും. രാത്രി ഏഴു മണിക്ക് അമൃത്സർ. വീണ്ടും ഗുർദാസ്പുർ ലോക്കൽ ട്രെയിനിൽ പതിനൊന്നു മണിയോടെ ബറ്റാല.

ഞങ്ങൾ ഒരു ഡസൻ മലയാളികൾ പല ക്ലാസ്സുകളിൽ. ആദ്യത്തെ കൊല്ലം വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ പോയി.1965 ജൂലൈ അവസാനം മുതൽ എല്ലാ ദിവസവും രാത്രി കുറ്റാകൂരിരുട്ടത്തു ഒരു ലൈറ്റ് പോലും ഇല്ലാതെ മിലിറ്ററി വാഹനങ്ങൾ, ടാങ്ക് വഹിച്ച ട്രൈലർ കാറുകൾ പല ടൈപ്പ് ആയുധങ്ങൾ തോക്കുകൾ എന്നിവ കോളേജിന്റെ മുന്നിലുള്ള റോഡിൽ കൂടി പോകുവാൻ തുടങ്ങി. ഇതു മൂന്ന് നാല് ദിവസം തുടർന്നു. പകൽ എല്ലാം ശാന്തം. മിലിട്ടറിയുടെ ഒരു വാഹനം പോലും റോഡിൽ ഇല്ല.

ഓഗസ്റ്റ് മാസം, ഉഷ്ണകാലം കഴിഞ്ഞിട്ടില്ല. ഹോസ്റ്റലിന്റെ ഓപ്പൺ ടെറസ്സിൽ ആണ് രാത്രി ഉറക്കം. പഞ്ചാബിലെ 'ചാർപൈയിൽ'. രണ്ടു വശത്തും 'X' ആകൃതിയിൽ വണ്ണം കുറഞ്ഞ മുളയുടെ കമ്പുകൾ ഉറപ്പിക്കും, അതിൽ കൊതുകുവല കെട്ടും. സുഖമായ ഉറക്കം. ബറ്റാല ടൌൺ ഇൻഡോ പാക്കിസ്ഥാൻ അതിർത്തിയിൽ നിന്നും (റാഡ്ക്ലിഫ് ലൈൻ) റോഡ് മാർഗം 30കിലോമീറ്റർ, നേർരേഖയിൽ 10 കിലോമീറ്റർ മാത്രം. ഗുർദാസ്പുർ മുതൽ അമൃതസരസുവരെ കിടക്കുന്ന അതിർത്തിയുടെ ഏകദേശം മധ്യത്തിൽ ആണ് ബറ്റാല. പഞ്ചാബ് അങ്ങിനെ നീണ്ടു പരന്നു കിടക്കുന്ന ഭൂപ്രകൃതി ആണ്. ഈ മാസങ്ങളിൽ പഞ്ചാബിൽ നെല്ല്, ചോളം, ജോവാർ മുതലായ കൃഷികൾ ആണ് ചെയ്യുന്നത്. ഓഗസ്റ് അഞ്ചാം തിയതി രാത്രി മുതൽ പാക്കിസ്ഥാനുമായി യുദ്ധം ആരംഭിച്ചു. ഹോസ്റ്റലിന്റെ ടെറസിൽ നിന്നാൽ അതിർത്തിയിലെ മിന്നലും, ഇടിമുഴക്കവും കാണാനും കേൾക്കാനും തുടങ്ങി. തുടർന്ന് ബ്ലാക്ക് ഔട്ട് ഓർഡർ വന്നു. ജനൽ ഗ്ലാസ്സുകൾ കട്ടിയുള്ള പേപ്പർ ഒട്ടിച്ചു. മെഴുകുതിരി വെളിച്ചം മാത്രം..

അക്കാലത്തു N C C ട്രെയിനിങ്ങ് നിർബന്ധമാണ്. കോളേജ് ക്യാമ്പസ്സിൽ രാത്രി സെക്യൂരിറ്റി ഡ്യൂട്ടി കേഡറ്റുകൾ ഏറ്റെടുക്കേണ്ടിവന്നു. കോളേജിൽ ക്ലാസുകൾ പതിവുപോലെ നടന്നു. ബാറ്റാലയിൽ നിന്നും പുറത്തേക്കു പോകുവാൻ അനുവാദമില്ല. ട്രെയിനുകൾ മിലിറ്ററി ഏറ്റെടുത്തു. യുദ്ധം തുടങ്ങിയതോടെ കാറുകളിൽ ടൗണിൽ നിന്നും മറ്റു പ്രദേശങ്ങളിലേക്കു പോകുവാനുള്ള ആൾക്കാരുടെ ശ്രമം പട്ടാളം തടഞ്ഞു വീട്ടിലേക്കു ഫോൺ ചെയ്യുന്ന കാര്യം നടക്കില്ല. പിന്നെ ടെലിഗ്രാം തന്നെ ശരണം. വീട്ടിൽ എല്ലാവരും യുദ്ധവാർത്തകൾ അറിഞ്ഞിരിക്കുമല്ലോ. ടെലിഗ്രാമിൽ ഒരു വാക്കു മാത്രം 'സേഫ്'. കൂടുതൽ വാക്കുകൾ ആയാൽ ഫീസ് കൂടും. യുദ്ധം എത്ര നാൾ നീണ്ടു നിൽക്കും എന്നറിയില്ലല്ലോ. ഇനി വീട്ടിൽ നിന്ന് മണി ഓർഡർ എന്ന് വരും? ഇടവിട്ടുള്ള ദിവസങ്ങളിൽ ടെലിഗ്രാം അയച്ചു കൊണ്ടിരുന്നു. യുദ്ധത്തിൽ ഇന്ത്യൻ ആർമി അതിർത്തി കടന്നു പാക്കിസ്ഥാൻ ഗ്രാമങ്ങൾ കീഴടക്കി എന്ന വാർത്തകൾ വന്നു തുടങ്ങി. ആശ്വാസം. ലാഹോറിന്റെ പ്രാന്തപ്രദേശം വരെ എത്തി. ബറ്റാലിയിൽ നിന്നും ലാഹോറിലേക്കു 90 കിലോമീറ്റർ മാത്രം. ഒന്ന് ആലോചിച്ചാൽ രക്ഷപ്പെട്ടു. പാക്കിസ്ഥാൻ പട്ടാളം ഇങ്ങോട്ട് വന്നു കയറിയെങ്കിലോ? എന്താകുമായിരുന്നു. എവിടേക്കു പോകുമായിരുന്നു? എന്തെല്ലാം പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുമായിരുന്നു. ഈ യുദ്ധത്തിൽ ജമ്മു കാശ്മീരിലെയും പഞ്ചാബിലെ ഖേം കരൺ സെക്ടറിയിലേയും 540 sq. mile പാകിസ്ഥാൻ പിടിച്ചെടുത്തിരുന്നു. കരയിലെ യുദ്ധം നേരിട്ട് കാണുവാൻ സാധിക്കുകയില്ലല്ലോ. ആകാശ യുദ്ധം കുറെ കണ്ടു. കോളേജിൽ ഒരു ആംഫി തിയേറ്റർ ഉണ്ട്. പ്രിൻസിപ്പൽ എല്ലാവരെയും യുദ്ധത്തിന്റെ അവസരത്തിൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ പറ്റി സംസാരിക്കുകയായിരുന്നു. പെട്ടെന്ന് തലയ്ക്കു മുകളിൽ താഴ്ന്നു പറന്നു ഒരു പാക് യുദ്ധ വിമാനം. ഓടിയ ഓട്ടം മറക്കാൻ പറ്റില്ല. ഫൈറ്റർ ജെറ്റ് പാകിസ്ഥാനിൽ നിന്നോ ഇന്ത്യൻ മിലിറ്ററി ക്യാമ്പിൽ നിന്ന് പൊങ്ങിയാലും മിനിറ്റുകൾക്കുളിൽ ഞങ്ങളുടെ തലയ്ക്കു മുകളിൽ. 'Dogfight' ധാരാളം കണ്ടു.

ജെറ്റ് പ്ലെയിൻ ഷൂട്ട് ചെയ്തു വീഴ്ത്തുന്നത് കണ്ടു. കുറെ ബോംബുകൾ ഇട്ടു. മിക്കതും പൊട്ടിയില്ല. രണ്ടാം ലോക മഹായുദ്ധത്തിനു ഉണ്ടാക്കിയ ബോംബുകൾ ആണെന്നും അത് അമേരിക്ക പാക്കിസ്ഥാന് കൊടുത്തതാണെന്നും പരക്കെ പറയുന്നുണ്ടായിരുന്നു.

സെക്കൻഡ് മദ്രാസ് റെജിമെന്റ് ആണ് ദേര ബാബ നാനാക്ക് സെക്ടറിൽ. അവർ ഹോസ്റ്റലിന്റെ തൊട്ടടുത്തുള്ള പേരയ്ക്ക തോട്ടത്തിൽ. ഫ്രണ്ട് ലൈനിലേക്കുള്ള സപ്ലൈ അവിടെ നിന്നാണ്. ഓരോ യൂണിറ്റ് മാറി മാറി യുദ്ധ ഭൂമിയിലേക്ക് പോകും. കുറെ പട്ടാളക്കാരെ പരിചയപെട്ടു, മലയാളികൾ, തമിഴന്മാർ അങ്ങിനെ. അവർക്കും ഞങ്ങൾക്കും സന്തോഷം. കുറെ വീര കഥകൾ കേട്ടു.

മുന്നണിയിലേക്ക് പോകുമ്പോൾ അവരുടെ മനപ്രയാസം, ഇനി നമ്മൾ തമ്മിൽ കാണുമോ? (യുദ്ധം അവസാനിച്ചു. അവിടെ തമ്പടിച്ചിരുന്ന റെജിമെന്റ് പോയപ്പോൾ ഒരു ജവാൻ ഒരു കത്ത് ഞങ്ങൾക്ക് തന്നു. സൗഹൃദത്തിന് നന്ദി. പരിചയപ്പെട്ടതിൽ സന്തോഷം. ജീവനും കൊണ്ട് വീട്ടിലേക്കു പോകുവാൻ സാധിച്ചതിൽ ആശ്വാസം എന്നിങ്ങനെ.

ഇന്ത്യയുടെ തെക്കൻ സംസ്ഥാനങ്ങളിൽ താമസിക്കുന്ന നമുക്ക് എന്ത് യുദ്ധം, എന്ത് പ്രയാസം! യുദ്ധകാലത്ത് ബോർഡറിനോട് അടുത്ത് താമസിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്, കൃഷി നാശം. വീടുകൾക്ക് ഉണ്ടാകുന്ന നാശം. വീട് വിട്ടു മാറി ക്യാമ്പിലെ താമസം. വെടിവെപ്പിൽ ഉണ്ടാകാനിടയുള്ള മുറിവുകൾ, ഒരു പക്ഷെ മരണം വരെ.

പക്ഷെ, കൊച്ചിക്കാർ ഒന്ന് വിറച്ചു സെപ്റ്റംബർ 6 ന് രാത്രി പാക്കിസ്ഥാൻ ഇട്ട ബോംബുകൾ കായലിൽ വീണു. (അവലമ്പം: മലയാള മനോരമ ഞായറാഴ്ച സപ്ലിമെന്റ് മെയ് 18, 2025.'നനയാത്ത ഓർമ്മകൾ' എൻ എസ് മാധവൻ (സിഐഎസിസി ജയചന്ദ്രൻ). കൊച്ചിയിൽ ബ്ലാക്ക്ഔട്ട് ആയിരുന്നു. ബോംബുകൾ കായലിൽ വീണു. കരയിൽ നിന്നും കപ്പലിൽ നിന്നും ട്രേസർ ബുള്ളെറ്റുകൾ, കോസ്റ്റൽ ആർട്ടിലറിയുടെ വിമാനവേധ തോക്കുകൾ വെടിയുതിർത്തു. ബോംബുകൾ പൊട്ടിയിരുന്നെങ്കിൽ കഥ വേറെ ആകുമായിരുന്നു. സൈനികരോടുള്ള പഞ്ചാബികളുടെ സ്നേഹവും കരുതലും അറിഞ്ഞു. റോഡിൽ പല സ്ഥലങ്ങളിലും ആൾക്കാർ നിന്ന് ട്രക്കിലേക്കു ചപ്പാത്തിയും സബ്ജിയും കൊടുക്കും. കുടിക്കാൻ ലസ്സിയും ചായയും. ക്ലാസ് ഇല്ലാത്ത സമയങ്ങളിൽ കള്ളി മുണ്ടു ഉടുത്തു മതിലിനു മുകളിൽ ഇരിക്കും. മിലിറ്ററി വാഹനങ്ങൾ പോകുമ്പോൾ 'ഹലോ ചേട്ടാ' എന്ന് ഉച്ചത്തിൽ വിളിക്കും. ചിലരൊക്കെ കൈ വീശി കാണിക്കും.

അങ്ങിനെ ഒരു നാൾ ഒരു വില്ലിസ് ജീപ്പ് വരുന്നു, സാമാന്യം സ്പീഡിൽ. വിൻഡ് ഷീൽഡ് മുൻപോട്ടു മടക്കി വെച്ചിട്ടുണ്ട്. ഞങ്ങൾ നീട്ടി വിളിച്ചു 'ചേട്ടാ' ജീപ്പ് പെട്ടന്ന് നിന്നു. നല്ല സ്പീഡിൽ ഒരു റിവേഴ്സ്, ഞങ്ങളുടെ അടുത്ത് നിർത്തി. ഒരു ജവാൻ ചാടി ഇറങ്ങി അടുത്ത് വന്നു. ആകെ ഒരു വിറയൽ. പണി കിട്ടിയോ? ആകെ ഒരു സംഭ്രമം. വന്നത് ഒരു മലയാളി. പരിചയപെട്ടു. ക്യാപ്റ്റൻ നൈനാൻ. തിരുവല്ല സ്വദേശി. ഞങ്ങളുടെ വിവരങ്ങൾ ചോദിച്ചു. 'നിങ്ങളുടെ കോളേജിൽ ചാപ്പൽ ഉണ്ടോ?' ഞങ്ങൾ ക്യാപ്റ്റനെ ചാപ്പലിൽ കൊണ്ട് പോയി. അദ്ദേഹം മുട്ടുകുത്തി നിന്ന് പ്രാർഥിച്ചു. വീണ്ടും കാണാം എന്ന് പറഞ്ഞു പോയി.

സെപ്റ്റംബർ മാസം പകുതിയോടെ വെടി നിർത്തലോടെ യുദ്ധം അവസാനിച്ചു. ഇതിനോടകം ഇന്ത്യൻ ആർമി 1920 sq miles പാക്കിസ്ഥാൻ പ്രദേശം ഇന്ത്യ കൈവശപ്പെടുത്തി. ക്യാപ്റ്റൻ നൈനാൻ വാക്കു പാലിച്ചു. ഞങ്ങളെ മിലിറ്ററി ട്രക്കിൽ ഒരു ദിവസം യുദ്ധം നടന്ന പ്രദേശത്തു കൊണ്ട് പോയി. ഇന്ത്യൻ ആർമി പിടിച്ചെടുത്ത ഒന്ന് രണ്ടു പാക്കിസ്ഥാൻ ഗ്രാമങ്ങളിലും പോയി. ഒരു നല്ല മിലിറ്ററി ശാപ്പാടും തന്നു ഞങ്ങളെ തിരികെ ഹോസ്റ്റലിൽ ആക്കി. അങ്ങിനെ പാസ്പോർട്ട് ഇല്ലാതെ പാക്കിസ്ഥാനിൽ...

പ്രണയ നിലാവ്

ഡോ. ലതാ മോഹൻ

നിശാഗന്ധി പൂക്കും രാവിൽ
നിലാമഴ പെയ്യും രാവിൽ
അനുരാഗനദിക്കരയിൽ കാത്തിരിപ്പൂ ഞാൻ
കാത്തിരിപ്പൂ ഞാൻ....

കിനാവുകൾ നെയ്യും രാവിൽ
കല്പനകൾ വിടരും രാവിൽ
പ്രണയിനിയായി കാത്തിരിപ്പൂ ഞാൻ
കാത്തിരിപ്പൂ ഞാൻ....

പാതിരാക്കാറ്റ് വീശും രാവിൽ
പാലപ്പൂ ഗന്ധം പരക്കും രാവിൽ
വിരഹിണിയായി കാത്തിരിപ്പൂ ഞാൻ
കാത്തിരിപ്പൂ ഞാൻ ....

കുരുവികൾ ചേക്കേറും
കൂവളമരച്ചോട്ടിൽ
കാതരയായ് കാത്തിരിപ്പൂ ഞാൻ
കാത്തിരിപ്പൂ ഞാൻ ....

ഓടക്കുഴൽ നാദം
ഒഴുകിയെത്തും രാവിൽ
എൻ മന്മഥനായ് കാത്തിരിപ്പൂ ഞാൻ
കാത്തിരിപ്പൂ ഞാൻ ....



Dr. Aiswarya P

എപ്പിറ്റാഫ്*

ഡോ. ആർ ആർ വർമ്മ

എന്റെയോർമ്മകൾ തന്നുടെ മുന്നിലായ്
നിന്നു തേങ്ങിക്കരയാതിരിക്കുക.
എങ്ങുമേ പോയതല്ല ഞാൻ; നിത്യമാം
നിദ്രയിലാണ്ടുപോയെന്നു തോന്നിയോ?

രാത്രിയിലിലച്ചാർത്തു കുലുക്കുമീ
വൃശ്ചികക്കാറ്റ് ഞാൻ തന്നെയല്ലയോ.
രാവിലെയിലത്തുമ്പിൽ തിളങ്ങിടും
മഞ്ഞുതുള്ളി തൻ ചാരുതയാണു ഞാൻ.
ചാഞ്ഞു വീഴുന്ന പോക്കുവെയിലിലെ
സ്നേഹമോലും ചെറു ചൂടിലുണ്ടു ഞാൻ.

പാതിവെട്ടവും പാതിയിരുട്ടുമായ്
പുഞ്ചിരിക്കുമുഷസ്സന്ധ്യയാണു ഞാൻ.
പൊൻപുലരികൾ കൺ തുറന്നീടവേ
പൊങ്ങിടുന്ന കിളിയൊച്ചയാണു ഞാൻ.
നീല വാനിന്റെ കോണിലായ് സന്ധ്യയിൽ
കണ്ണു ചിമ്മുന്ന നക്ഷത്രമാണു ഞാൻ.

എന്റെയോർമ്മകൾ തന്നുടെ മുന്നിലായ്
നിന്നു തേങ്ങിക്കരയാതിരിക്കുക.

* Inspired by "Immortality" by Clare Harner (1909-1977)

എന്നാലും എൻ്റപ്പൂപ്പാ.....

ഡോ.സുരഭ സുനിൽ

എല്ലാവരേയും പോലെ, ശനിയാഴ്ചകളെ എനിയ്ക്ക് പെരുത്തിഷ്ടമാണ്. അത് വരാൻ പോകുന്ന ഞായറാഴ്ചയോടുള്ള പ്രണയമാണെന്നു മാത്രം.

കാലമിത്രയായിട്ടും ഇന്നും ആ ഇഷ്ടത്തിന് ഒരു കുറവും വന്നിട്ടില്ല ... 'ചൊട്ടയിലെ ശീലം ചുടല വരെ 'എന്നാണല്ലോ...!

'നദികളിൽ സുന്ദരി യമുനാ...... 'എന്നു കവി പാടിയ പോലെ, ശനിയാഴ്ചകളിൽ സുന്ദരി രണ്ടാം ശനി തന്നെ..അതിന്റെ കാരണം നിങ്ങൾക്കിതിനോടകം പിടികിട്ടിക്കാണുമല്ലോ ?

ഇന്നത്തെ രണ്ടാം ശനിയ്ക്ക് അഴകേറെ...ര ണ്ടാൺമക്കളും, മൂത്തയാളുടെ നവവധുവും രണ്ടു ദിവസത്തെ അവധിയ്ക്കു വരുന്നു... 2 മാസം മുൻപ് പോയതാണ്. ഒരാൾ ബാംഗ്ളൂരും, രണ്ടാൾ ചെന്നൈയിലും. മേലേപറമ്പിൽ ആൺ വീട്ടിലേയ്ക്ക് ഒരു പെൺകുട്ടി വന്നതിന്റെ ത്രില്ലിലാ ണു ഞാൻ..

സ്വതവേ ഷോപ്പിങ്ങ് ഒരു വീക്ക്നെസ്സ് ആയ എനിയ്ക്ക് ആനന്ദലബ്ധിയ്ക്കിനിയെന്തു വേണം?? മാളിലും, മിലനിലും, മറൈൻ ഡ്രൈവിലുമൊക്കെ കറങ്ങിക്കറങ്ങി പമ്പരം പോലായി...!

കറക്കത്തിനിടയിലും ഒന്നു രണ്ടു രോഗികളുടെ കാര്യം എന്നെ വല്ലാതെ അലോ സരപ്പെടുത്തിക്കൊണ്ടിരുന്നു...

തിമിരത്തിന് ഓപ്പറേഷൻ ചെയ്ത ഒരു അപ്പൂപ്പനാ ണ് അതിലൊരാൾ. ഓപ്പറേഷനുശേഷം ആദ്യത്തെ ആഴ്ച വന്നപ്പോൾ കാഴ്ച തീരെ കുറവ്. സ്ലിറ്റ്ലാമ്പേട്ടൻ കാരണവും കാട്ടിത്തന്നു...കർക്കിടകത്തിലെ മഴ മുഴുവൻ ഈ കോർണിയയാണാവോ കുടിച്ചു തീർത്തത്?!

സാരല്ല്യാ... വെള്ളം കുടിച്ചവൻ കുറച്ച് ഉപ്പ് തിന്നട്ടെ... (ഏയ്.. തിരിച്ചല്ലേ വേണ്ടത്? ആ... എന്തെങ്കിലുമാകട്ടെ...– ഇത് നിങ്ങളി പ്പോൾ ചിന്തിച്ചതാ.....)

ഒരാഴ്ച കഴിഞ്ഞു... എന്തായാലും മായം കലരാത്ത ഉപ്പാണ്.. സംഗതി ഏശി. വെള്ളമൊക്കെ കുടഞ്ഞുകളഞ്ഞ് നല്ല പളപളാന്ന് മിന്നുന്ന കൃഷ്ണമണി...! പക്ഷേ കാഴ്ച 2 / 60.

ഞാൻ തിരിച്ചും മറിച്ചും, ടോർച്ചടിച്ചും, അടിക്കാതെയും ഒക്കെ നോക്കി. 'എന്നെ കണ്ടിട്ട് എന്തെങ്കിലും കുഴപ്പം തോന്നുന്നു ണ്ടോ'ന്ന് കുതിരവട്ടം പപ്പു ലൈനിൽ എന്നോടു ചോദിയ്ക്കുന്നു, കണ്ണ് ...

അപ്പൂപ്പനാണേൽ യാതൊരു ഭാവഭേദവുമില്ല. ചിരിച്ചുംകൊണ്ടാണ് സംസാരിക്കുന്നതും. ഞാനെന്റെ കൂടെയുള്ള ഡോക്ടറെ വിളിച്ചു കാണിച്ചു. 'ഇതിൽ കുഴപ്പമൊന്നും കാണുന്നില്ലല്ലോ. എന്തായാലും അടുത്താഴ്ച നേരത്തേ വരാൻ പറയാം, Dialate ചെയ്തു നോക്കാം..' എനിക്കാകെ വിഷമമായി. അപ്പൂപ്പൻ ഒന്നും ചോദിച്ചില്ലെങ്കിലും നമുക്കൊരു സങ്കടമുണ്ടാകുമല്ലോ, ഉള്ളിൽ ..

ഈ സംഭവം നടന്ന വെള്ളിയാഴ്ച കഴിഞ്ഞാ ണ് ഞാൻ മുൻപു പറഞ്ഞ രണ്ടാം ശനിയും , മക്കളും ഒക്കെ ഒന്നിച്ചെത്തിയത്. തിങ്കളാഴ്ച വഴിയിൽ വെച്ച് അപ്പൂപ്പനെ കണ്ടു . ഓടിവന്ന് കുശലാന്വേഷണമൊക്കെ നടത്തി. എന്നാലും എന്റെ മുഖം കർക്കിടകത്തിലെ ആകാശം പോലെത്തന്നെ. 'എനിക്കിപ്പം തെളിച്ച മൊക്കെയുണ്ട്. മാഡം പറഞ്ഞില്ലേ വായിക്കാറായിട്ടില്ലാന്ന്. അതുകൊണ്ടാ ഞാൻ ശ്രമിക്കാഞ്ഞത്..' അങ്ങനെയെന്തോ ഒന്നുപറഞ്ഞു...

'എന്തായാലും ബുധനാഴ്ച ഓപിയിൽ വരൂ. കാണുന്ന അത്രേം വായിക്കണംട്ടോ...മുളവുകാടല്ലേ വീട്.? ഭാര്യയേം കൂട്ടി രാവിലെ വരണം. കണ്ണിൽ മരുന്നൊഴിച്ചു നോക്കേണ്ടി വരും'

ബുധനാഴ്ചയായി. ഞാൻ ചെല്ലുമ്പഴേ അപ്പൂപ്പൻ ഹാജർ. ചക്കകൂട്ടാൻ കണ്ട ഗ്രഹണിക്കൊച്ചിനെപ്പോലെ ഞാൻ ഓപി ടിക്കറ്റ് വാങ്ങി നോക്കി. vision 6/6 ..!

'എന്നാലും എന്റെ സിവനേ... അല്ല അപ്പൂപ്പാ...' ഓപ്പറേഷൻ ടേബിളിൽ നിന്നും ഇറക്കുമ്പോഴേ 'ഇനി വായിക്കുകയൊക്കെ ചെയ്യാവോ' എന്നു ചോദിച്ച അപ്പൂപ്പനോട് 'വായിക്കാറായിട്ടില്ല' എന്നു ഞാനൊന്നു പറഞ്ഞുപോയി...!

വാൽക്കഷ്ണം:

MS നു സീററുകിട്ടി തിരുവോന്തരത്തേയ്ക്കു വണ്ടികയറുമ്പോൾ എന്റെ മക്കളും, ഭർത്താവും കളിയാക്കിച്ചോദിച്ചു: 'ഇത്ര ചെറിയ ഈ കണ്ണിനെപ്പറ്റി പഠിക്കാൻ മൂന്നുകൊല്ലമൊക്കെ വേണോ....?

ഇമ്മാതിരിയാണേൽ ഈ പഠിപ്പുതീരാൻ ഈ ജന്മം മതിയാകില്ല....!

Images in daily life that remind us of Ophthalmology

Dr. Thomas Arun Varghese

Blindspot Interiors – Reminded me of Blindspot on Perimetry

Nebula Café – Reminded me of 'Nebula' Corneal opacities

HPMC Juice shop board – reminded me of HPMC drops

Pupil School – Well its obvious isn't it

Xpres Reynolds pen -reminded me of Xpress Shunt

Port Wine-reminded me of Port Wine stain of Sturge Weber Syndrome

Iris Studio & Iris App of Yes Bank- Obvious again



Eyeballs Chocolate, Eye for an Eye & Overseas Eye – Well what can I say...

സ്വർഗ്ഗ ഭൂവിലൂടെ

ഡോ. ജയശ്രീ ഐ

ചിന്നം പിന്നം പെയ്യുന്ന മഴ രാവിലെ മുതൽ തുടങ്ങിയതാണ്. ഒപി കഴിഞ്ഞ് വീട്ടിലേക്ക് പോകാനായി ക്ലിനിക്കിൽ നിന്നിറങ്ങി. ചാറ്റൽ മഴ വകവെയ്ക്കാതെ റോഡ് ക്രോസ്സ് ചെയ്തു ഞാൻ വെയിറ്റിംഗ് ഷെഡിലേക്ക് നീങ്ങി. ഡിഡ്പ്ലേ ബോർഡിൽ കാണിച്ചിരുന്നത് പോലെ കൃത്യം അഞ്ച് മിനിറ്റ് കഴിഞ്ഞപ്പോൾ എനിക്ക് പോകാനുള്ള ട്രാം മുന്നിലെത്തി നിന്നു. പിന്നെ ട്രാമിനുള്ളിലെ സ്വച്ഛതയിലേക്ക്. അധികമാളുകളില്ല. വിൻഡോസൈഡ് സീറ്റ് തന്നെ കിട്ടി.

റെയിൽവേ സ്റ്റേഷനും വിമൻസ് കോളേജ് ക്യാമ്പസും പിന്നിട്ട് വിശാലമായ റോഡിലൂടെ ട്രാം മുന്നോട്ട് നീങ്ങി. റോഡിന് മദ്ധ്യത്തിൽ ഡിവൈഡറിന് നിരയായി വിടർന്നു നിൽക്കുന്ന സൂര്യകാന്തി പൂക്കളുടെ സുവർണ്ണ ശോഭ. നിരത്തോരത്ത് വെട്ടിയൊരുക്കിയ പുൽത്തകിടിയുടെ ഹരിതഭംഗി. കാഴ്ചകൾ കണ്ടു മയങ്ങിപ്പോയതറിഞ്ഞില്ല. പെട്ടെന്നൊരു ശബ്ദം കേട്ട് ഞെട്ടിയുണർന്ന ഞാൻ കണ്ണ് തുറന്ന് ചുറ്റും നോക്കി.

ഇരുൾ നിറഞ്ഞ മുറിയിലേക്ക് ഗ്ലാസ്സ് വിൻഡോയിലൂടെ അരിച്ചുകയറുന്ന സ്ട്രീറ്റ് ലൈറ്റിന്റെ അരണ്ട വെളിച്ചത്തിലേക്ക് ഞാൻ വീണ്ടും വീണ്ടും കണ്ണുകൾ തിരുമ്മി. അതൊരു സ്വപ്നം മാത്രമായിരുന്നു. ഒരാഴ്ചത്തെ സ്വിറ്റ്സർലൻഡ് സന്ദർശനത്തിനിടെ ലൂസേർണിൽ താമസത്തിനായി തിരഞ്ഞെടുത്ത എയർ ബിഎൻബി യുടെ അപ്പാർട്ട്മെന്റിലാണ് ഞാൻ എന്ന് മനസ്സിലാക്കുവാൻ അല്പസമയമെടുത്തു. സ്വിറ്റ്സർലാൻഡിലെ പൊതുഗതാഗത സംവിധാനത്തിന്റെ കാര്യക്ഷമതയും കൃത്യനിഷ്ഠയും സുന്ദരവും സുഖകരവുമായ ട്രെയിൻ യാത്രയും തലങ്ങും വിലങ്ങും നീങ്ങുന്ന ട്രാമുകളുമൊക്കെ മനസ്സിനെ അത്രകണ്ട് സ്വാധീനിച്ചിരുന്നു. ചെളി നിറഞ്ഞ ഗട്ടർ റോഡുകളും മാലിന്യം കുമിയുന്ന പാതയോരങ്ങളും ഗതകാലസ്മൃതികളുടെ നിലവറയിലാഴ്ത്തി ഒരിക്കൽ സ്വന്തം നാടും ഇതുപോലെ സുന്ദരസുരഭിലമാകുമെന്നോർത്ത് ഉൾപ്പുളകം കൊണ്ടതുമോർമ്മവന്നു.

സൂറിച്ച്

2025 ഏപ്രിൽ മാസത്തിലെ വിഷു ദിനത്തിലാണ് ഞങ്ങൾ മാഞ്ചസ്റ്ററിൽ നിന്ന് മകളും കുടുംബവുമൊത്ത് സൂറിച്ചിലെ ഫ്ലൂഗഫെൻ എയർപോർട്ടിലേക്ക് പറന്നിറങ്ങിയത്. ജർമനിയുമായി അതിർത്തി പങ്കിടുന്ന സ്വിറ്റ്സർലൻഡിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങൾ എക്സ്പ്ലോർ ചെയ്യുകയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. എയർപോർട്ടിൽ നിന്നും അധികം ദൂരമുണ്ടായിരുന്നില്ല സൂറിച്ചിലെ താമസത്തിനായി ഞങ്ങൾ ബുക്ക് ചെയ്തി രുന്ന 'നോവോടെൽ' ഹോട്ടലിലേക്ക്. അടുത്ത ദിവസം രാവിലെ ബ്രേക്ഫാസ്റ്റ് കഴിഞ്ഞ് പാക്കേജ് ടൂറിന്റെ ഭാഗമായി മുൻകൂട്ടി ഏർപ്പാടാക്കിയ മിനി ബസ് പാർക്കുചെയ്യുന്നിടത്തിലേക്ക് ഞങ്ങൾ എത്തിച്ചേർന്നു.

സൂറിച്ചിലെ റൈൻഫാൾസ്, അപ്പൻസെല്ലർ വില്ലേജിലെ ചീസ്, ചോക്ലേറ്റ് ഫാക്ടറികൾ എന്നിവ സന്ദർശിക്കുകയായി രുന്നു അന്നത്തെ ഞങ്ങളുടെ ലക്ഷ്യം. ദുബായിൽ ജോലി ചെയ്യുന്ന ഉക്രൈൻ വംശജ, ന്യൂയോർക്കിൽ നിന്നുള്ള യു എസ് പൗരൻ, ബംഗ്ലാദേശിൽ നിന്നുള്ള മധ്യവയസ്കരായ ദമ്പതിമാർ, ഒരു ശ്രീലങ്കൻ കുടുംബം ഇത്രയും പേരായി രുന്നു ഞങ്ങളുടെ സഹയാത്രികർ. ഗ്രീസിൽ നിന്നും സ്വിറ്റ്സർലൻഡിലേക്ക് ചേക്കേറിയ ഒരു ചെറുപ്പകാരനായ ഡ്രൈവർ കം ടൂർ ഗൈഡ് നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. ടൗണിൽ നിന്നും ഏകദേശം നാല്പത് കിലോമീറ്ററോളം അകലെയാണ് റൈൻഫാൾസ് യൂറോപ്പിലെ ശക്തമായ വെള്ളച്ചാട്ടം. വേനൽക്കാലത്ത് ആൽപ്സിലെ മഞ്ഞുരുകുമ്പോൾ ഇത് കൂടുതൽ ശക്തിപ്രാപിക്കുന്നു. ജലപാതം അടുത്തുനിന്നു കാണത്തക്കവിധം വെള്ളച്ചാട്ടത്തിന് ഇരുവശവും വ്യൂയിംഗ് പ്ലാറ്റ്ഫോമുകൾ ഉണ്ട്. വെൺനുര പതപ്പിച്ച് ശബ്ദഘോഷത്തോടെ താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടത്തിന്റെ നയന മനോഹര ദൃശ്യം.

മുന്നോട്ടുള്ള പ്രയാണത്തിനിടെ പാറക്കെട്ടുകൾ സൃഷ്ടിക്കുന്ന തടസ്സത്തിൽ ചിന്നി ചിതറി പോകുന്ന വെള്ളത്തുള്ളികൾ വീണ്ടും ഒന്നിച്ചുചേർന്ന് ലക്ഷ്യത്തിലേക്ക് കുതിച്ചു പായുന്നത് മഹത്തായ ഒരു സന്ദേശമല്ലേ നൽകുന്നത് ! പ്ലാറ്റ്ഫോമിന് ചുറ്റുമുള്ള കമ്പിവേലിയുടെ അഴിക്കുള്ളിൽ ചെറുതും വലുതുമായ നിരവധി പൂട്ടുകൾ ലോക്ക് ചെയ്തിട്ടിരിക്കുന്നത് കണ്ട് കൗതുകം തോന്നി അടുത്ത് ചെന്ന് നോക്കിയപ്പോൾ ആണ് മനസ്സിലാകുന്നത്, അത് മുൻപേ വന്നു പോയവർ അവരുടെ പേരും സന്ദർശന തീയതിയുമൊക്കെ മുദ്രണം ചെയ്തിരുന്ന ലോക്കുകൾ ആണെന്ന്. നേരത്തെ അറിഞ്ഞിരുന്നെങ്കിൽ ഒരു പൂട്ട് കരുതാമായിരുന്നു. ഒരുപക്ഷേ ജീവിതത്തിൽ ഇനിയൊരിക്കലും വന്നുചേരാനിടയില്ലാത്ത ഒരിടത്ത് നമ്മുടേതായ ഒരു അടയാളം അവശേഷിപ്പിച്ചു മടങ്ങാമായിരുന്നു എന്നു തോന്നിപ്പോയി. താഴെ റൈൻ നദി തീരത്തേക്ക് പോകാൻ എലിവേറ്റർ ലിഫ്റ്റ് ഉണ്ടായിരുന്നിട്ടും പാറമടക്കിലെ നൂറ്റമ്പതോളം വരുന്ന പടിക്കെട്ടുകളിലൂടെ ഇറങ്ങാനാണ് ഞങ്ങൾ താല്പര്യപ്പെട്ടത്. ടിക്കറ്റ് കൗണ്ടറിൽ നിന്ന് അരമണിക്കൂർ നീളുന്ന ബോട്ട് യാത്രക്കുള്ള ടിക്കറ്റ് എടുത്ത് അടുത്ത ബോട്ടിനായി ഞങ്ങൾ കാത്തിരുന്നു.



വെള്ളച്ചാട്ടത്തിന് സമീപത്തുവരെ കൊണ്ടുപോയ അവിസ്മരണീയമായ ആ ബോട്ട് യാത്രയായിരുന്നു അന്നത്തെ ഹൈലൈറ്റ്. സ്പ്രേ ചെയ്തത് പോലെ തെറ്റിച്ചുവീണ വെള്ളത്തുള്ളികളിൽ മനവും തനുവും കുളിരണിഞ്ഞു. വേണമെങ്കിൽ ബോട്ടിൽ ഇറങ്ങി വെള്ളച്ചാട്ടത്തിന് മധ്യഭാഗത്തുള്ള ഉയർന്ന പാറയിലേക്ക് കയറി 360 ഡിഗ്രിയിൽ വെള്ളച്ചാട്ടത്തിന്റെ പനോരമിക്ക് വ്യൂ ആസ്വദിക്കാം. പക്ഷേ റോക്ക് വ്യൂ പോയിന്റിലേക്കുള്ള നൂറിൽപ്പരം പടികൾ കുത്തനെയും വഴുക്കലുള്ളതും ആണെന്ന് കണ്ട് ഞങ്ങൾ ആ ഉദ്യമത്തിന് മുതിർന്നില്ല.

ഉച്ച ഭക്ഷണത്തിനുശേഷം അപ്പെൻസെല്ലർ വില്ലേജിലേക്ക് ലോകപ്രശസ്തമായ സ്വിസ് ചോക്ലേറ്റുകളുടെ മണവും രുചിയും തങ്ങിനിൽക്കുന്ന ഫാക്ടറിയുടെ ചുവരുകളിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചോക്ലേറ്റ് ഉല്പാദന ചരിത്രം ആലേഖനം ചെയ്തിരിക്കുന്നു. ഫാക്ടറിയുടെ ചോക്ലേറ്റ് നിർമാണത്തിന്റെയും പാക്കിങ്ങിന്റെയും വിവിധ ഘട്ടങ്ങൾ കാണാനായി. വ്യത്യസ്ത ഫ്ളേവറുകളിലെ ചോക്ലേറ്റുകൾ രുചിച്ചു നോക്കാനുള്ള അവസരവും അവിടെ ഒരുക്കിയിരിക്കുന്നു.

ലോകോത്തര നിലവാരമുള്ള ചീസ് നിർമ്മാണ കമ്പനികളിൽ മുൻപന്തിയിൽ നിൽകുന്നു, സ്വിറ്റ്സർലൻഡിലെ അപ്പെൻസെല്ലർ ചീസ് ഫാക്ടറി. ലോക്കറിൽ സൂക്ഷിച്ചിരിക്കുന്ന ചീസ് നിർമാണ ചേരുവകളെ കുറിച്ചുള്ള വിശദാംശങ്ങൾ ഫാക്ടറിയുടെ മേലധികാരികൾ രണ്ടുപേരിൽ മാത്രം ഒതുങ്ങി നിൽക്കുന്ന രഹസ്യം.

ഫാക്ടറികൾ സന്ദർശിച്ചശേഷം ഞങ്ങൾ ഗ്രാമകാഴ്ചകൾ കാണാൻ ഇറങ്ങി. ശുദ്ധമായ അന്തരീക്ഷവും സുന്ദരമായ കാലാവസ്ഥയും. വാഹനത്തിരക്കില്ലാത്ത വീഥികളിലൂടെ കണ്ണാടി പോലെ തെളിഞ്ഞ തടാകത്തിന്റെ ഓരം ചുറ്റിയുള്ള നടത്തം ഞങ്ങൾ ഏറെ ആസ്വദിച്ചു. പശ്ചാത്തല ഭംഗികൂട്ടി ദൂരെയായി മഞ്ഞണിഞ്ഞ ആൽപൈൻ മലനിരകളും



ലൂസേൺ

അടുത്തദിവസം രാവിലെ സൂറിച്ചിൽ നിന്ന് ലൂസേണിലേക്ക് ട്രെയിനിൽ ആണ് ഞങ്ങൾ യാത്രതിരിച്ചത്. ഒരുമണിക്കൂർ നീ ആ യാത്രയിൽ ഞങ്ങൾ കണ്ട സ്വിറ്റ്സ്വെർലൻഡിന്റെ പ്രകൃതിരമണീയത വാക്കുകളാൽ വർണ്ണനാതീതം

പ്രകൃതിയുടെ കാൻവാസിൽ പച്ചയും നീലയും നിറങ്ങളുടെ സമൃദ്ധി നിറയുന്നൊരു ചാരുചിത്രം പോലെ. നോക്കെത്താ ദൂരത്തോളം പച്ചപരവതാനി വിരിച്ച ഇടക്ക് മഞ്ഞ ബട്ടർ കപ്പുകൾ ഭംഗിചാർത്തിയ വിശാലമായ പുൽമേടുകളിൽ മേഞ്ഞുനടക്കുന്ന അഴകും ആരോഗ്യവുമുള്ള പശുക്കൾ. ആകാശനീലിമ പ്രതിഫലിക്കുന്ന, പച്ചകലർന്ന നീലനിറമുള്ള ശാന്തമായ ജലാശയങ്ങളിൽ നീന്തിത്തിടിക്കുന്ന അരയന്നങ്ങൾ. അകലെ മഞ്ഞുമൂടിയ ആൽപ്സ് മലനിരകളുടെ ധവള ശോഭ ഇടക്ക് മൂടൽ മഞ്ഞിലൂടെ തെളിയുന്നു. ഒറ്റയാനെ പോലെ പൊടിമഞ്ഞ് മുടിയൊരു മലശിഖിരം. പാറമടക്കുകളിലൂടെ വെള്ളിക്കൊലുസ്സണിഞ്ഞ നീരുറവകൾ. താഴ്‌വാരങ്ങളിൽ ഇടവിട്ട് പ്രത്യക്ഷപ്പെടുന്ന ജനവാസകേന്ദ്രങ്ങളും ആൽപൈൻ വനമേഖലയും. തണുപ്പിനെ പ്രതിരോധിക്കുന്ന ആകാര സൗഷ്ഠവത്തോടെ വീടുകൾ. ഇളം പച്ച മുതൽ കരിംപച്ച വരെ ഹരിതഭംഗി നിറയുന്ന മാമരങ്ങൾ. പച്ചയുടെ ഇനിയും കാണാത്തൊരു നിറഭേദം വനാന്തരങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ടാവുമോ...

ലൂസേണിൽ താമസിച്ചുകൊണ്ട് അടുത്ത രണ്ടു ദിവസങ്ങളിലായി ഇന്റർലേക്കനും മൌണ്ട് ടിറ്റ്ലീസും സന്ദർശിക്കുക എന്നതായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. അന്നത്തെ പകൽ ലൂസേൺ ചുറ്റി നടന്നു കാണാനും തീരുമാനിച്ചു. ലൂസേൺ തടാകവും റിയൂസ് നദിയും ആൽപ്സ് മലനിരകളും ചന്തം തികയ്ക്കുന്ന ചെറുപട്ടണം. ലൂസർനിന്റെ മുഖമുദ്രയായി റിയൂസ് നദിയുടെ കുറുകെ ചാപ്പൽ പാലവും അതിനോട് ചേർന്ന ഭീമൻ ജലസംഭരണിയും. യൂറോപ്പിലെ ഏറ്റവും പഴക്കമേറിയതും മേൽക്കൂരയുള്ളതുമായ മരപ്പാലമാണ് ചാപ്പൽ ബ്രിഡ്ജ് എന്ന പതിനാലാം നൂറ്റാണ്ടിൽ നിർമ്മിതമായ ഇരുന്നൂറ് മീറ്ററോളം നീളമുള്ള ഈ നടപ്പാലം. പാലത്തിന്റെ മച്ചിനെ താങ്ങി നിർത്തുന്ന ത്രികോണാകൃതിയുള്ള മരപ്പലകകളിൽ ലൂസേണിന്റെ ചരിത്രവും ഐതിഹ്യങ്ങളും വിളിച്ചോതുന്ന മനോഹരമായ പെയിന്റിംഗുകൾ, പതിനേഴാം നൂറ്റാണ്ടിലെ കലാകാരന്മാരുടെ സംഭാവനയാത്രെ. തൊണ്ണൂറുകളുടെ തുടക്കത്തിലുണ്ടായ തീപിടുത്തത്തിൽ പാലത്തിന്റെ ചില ഭാഗങ്ങൾ കത്തിനശിച്ചെങ്കിലും താമസംവിനാ അതെല്ലാം പഴയതുപോലെ പുനർനിർമ്മിക്കുകയുണ്ടായി.

പിന്നീട് ഞങ്ങൾ പോയത് ലൂസേണിന്റെ മധ്യഭാഗത്തുള്ള പാർക്കിൽ സ്ഥിതി ചെയ്യുന്ന ലയൺ മോണുമെന്റ് കാണാൻവേണ്ടിയാണ്. ഫ്രഞ്ച് വിപ്ലവത്തിൽ മരിച്ച സ്വിസ് ഭടന്മാരുടെ ധൈര്യവും വിശ്വസ്തതയും പ്രധിനിധീകരിക്കുന്ന പാറമടക്കിൽ കിടക്കുന്ന മുറിവേറ്റ സിംഹശില്പം സ്വിറ്റ്സ്വർലാൻഡിന്റെ സംസ്കാരികചിഹ്നമായി മാറിയിരിക്കുന്നു

ഇൻറർലാക്കൻ

അടുത്ത ദിവസം രാവിലെ പ്രകൃതി ദൃശ്യങ്ങൾ ആസ്വദിച്ചുകൊണ്ട് ഇന്റർലാക്കാനിലേക്ക് വീണ്ടുമൊരു ട്രെയിൻ യാത്ര. രണ്ട് തടാകങ്ങൾക്ക് നടുവിലാണ് ഈ പട്ടണം. കിഴക്കിലേക്ക് ബ്രിയാൻസും പടിഞ്ഞാറ് തൂൺ തടാകവും. വാട്ടർ സ്പോർട്സും തടാക തീരത്ത് കുതിരസവാരിയും ഹൈക്കിങ്ങും പാരാഗ്ലൈഡിങ്ങുമുൾപ്പെടെ മറ്റുസാഹസിക വിനോദങ്ങൾക്കും വേദിയൊരുക്കുന്ന ഒരു പ്രധാന ടൂറിസ്റ്റ് സ്പോട്ടാണ് ഈ പ്രദേശം. സൗന്ദര്യത്തിന്റെ കൊടുമുടിയെന്ന് അറിയപ്പെടുന്ന ഹാർഡർ കുൽമ ഹിൽസ്റ്റേഷൻ ആയിരുന്നു ഞങ്ങളുടെ ലക്ഷ്യസ്ഥലം. ഹാർഡർബാൻ സ്റ്റേഷനിൽ നിന്ന് കുത്തനെയുള്ള പാതയിലൂടെ ഒരു നൂറ്റാണ്ട് പഴക്കമുള്ള ഫുണിക്കുലർ ട്രെയിനിൽ പതിനഞ്ച് മിനിറ്റ് കൊണ്ട് ഞങ്ങൾ ആയിരത്തി മുന്നൂറോളം മീറ്റർ ഉയരമുള്ള മലമുകളിൽ എത്തി. സ്റ്റേഷനിൽ നിന്നുള്ള ഇഷ്ടിക പാകിയ നടപ്പാത നയിക്കുന്നത് ഒരു പനോരമിക് റെസ്റ്റോറന്റിലേക്കാണ്. പാതവക്കിൽ കൈകളിൽ സ്വിസ് പതാക ഏന്തിയ മനുഷ്യരുടെ മര പ്രതിമകൾ. ചുവന്ന സമചതുരത്തിന് നടുവിൽ വെളുത്ത കുരിശ് അടയാളമുള്ള പതാക വത്തിക്കാൻ സിറ്റി കഴിഞ്ഞാൽ പിന്നെ സമചതുരത്തിലുള്ള പതാക സ്വിറ്റ്സർലൻഡിന് മാത്രം എന്നതും പ്രത്യേകതയാണ്. റെസ്റ്റോറന്റിൽ കയറി സ്വിസ് തനത് വിഭവമായ ചീസ് ഫോൺഡ്യുവും പൊട്ടറ്റോ റോസ്റ്റും ആസ്വദിച്ചുകഴിച്ചുകൊണ്ട് ഞങ്ങൾ തിളങ്ങുന്ന നിറങ്ങളിൽ ആകാശത്ത് പറന്നു നടക്കുന്ന പാരച്യൂട്ടുകളെ നോക്കിയിരുന്നു. മലമുകളിൽനിന്ന് പുറത്തേക്ക് തള്ളി നിൽക്കുന്ന ഗ്ലാസ്സ് അടിത്തറയുള്ള വ്യൂവിങ് പ്ലാറ്റ്ഫോമിൽ നിന്ന്താഴേക്കുള്ള കാഴ്ച അതിമനോഹരമാണ്. ടീൽ ഗ്രീൻ നിറമുള്ള ലേക്ക് ബ്രിയൻസിനും തുണിനും മദ്ധ്യേ ഇന്റെർലേക്കൻ പട്ടണത്തിന്റെ അപാരമായ ദൃശ്യചാരുത തെളിയുന്നു. അകലെ ഉയരത്തിൽ ആൽപെൻ കൊടുമുടികൾ കാണാം. അതിലൊന്നായ യൂറോപ്പിലെ ഏറ്റവും ഉയർന്നതും പ്രശസ്തവുമായ ജംഗ്ഫ്രോയും അവിടെ നിന്നും കാണാൻ സാധിച്ചു. വീണ്ടും ഫുണിക്കുലാറിൽ താഴേക്ക്. തിരിച്ചിറങ്ങുമ്പോൾ സമയം വൈകിയതിനാൽ ബോട്ടണിക്കൽ ഗാർഡനും മൃഗശാലയുമൊന്നും സന്ദർശിക്കാനായില്ല.

ആരെ നദിക്ക് കുറുകെയുള്ള പാലത്തിലൂടെ റെയിൽവേസ്റ്റേഷനിലേക്ക് നടക്കുമ്പോൾ പാലത്തിന്റെ കൈവരികളിൽ പിടിപ്പിച്ച പൂക്കൂടകൾക്ക് നിറവേകുന്ന വാസന്തസൂനങ്ങളോടൊപ്പം ഫോട്ടോകളെടുക്കാൻ ഞങ്ങൾ മത്സരിക്കുകയായിരുന്നു. റോഡിന് ഇരുവശവും നോക്കെത്താ ദൂരത്തോളം കടുത്ത പച്ച നിറത്തിൽ ഇലകളുള്ള ചെടികൾ ക്രോപ് ചെയ്തു നിർത്തിയിരിക്കുന്നു.

അടുത്തുചെന്ന് നോക്കിയപ്പോഴാണ് അത് വേനലിൽ പൂക്കാൻ വേണ്ടി കാത്തുനിൽക്കുന്ന റോസാ ചെടികൾ ആണെന്ന് മനസ്സിലായത്. ദീർഘ വീക്ഷണമുള്ള നഗര സൗന്ദര്യ വൽക്കരണത്തിന്റെ ശ്രദ്ധേയമായ ഉദാഹരണം.

മൌണ്ട് ടിറ്റ്ലിസ്

അവസാനത്തെ ദിവസമായിരുന്നു ഞങ്ങൾ മൌണ്ട് ടിറ്റ്ലിസ് സന്ദർശനത്തിനായി മാറ്റി വെച്ചത്. ലൂസേൺ ബാങ്ക് ഹോഫ് റെയിൽവേവ് സ്റ്റേഷനിൽ നിന്നും ഒരു മണിക്കൂർ യാത്രയുണ്ട് എംഗൽബർഗ് എന്ന ചെറു പട്ടണത്തിലേക്ക്. അവിടെ നിന്നാണ് ടിറ്റ്ലിസിലേക്കുള്ള കേബിൾ റൂട്ട് തുടങ്ങുന്നത്. മുകളിൽ ഹസിൽബർഗ് സ്റ്റേഷനിലേക്ക് കയറും തോറും വീടുകളുടെ മേൽക്കൂരയും നിരത്തുകളും പൊടിമഞ്ഞിനാൽ വെളുത്ത പെയിന്റ് ചെയ്തതുപോലെ കാണപ്പെട്ടു. കേബിൾ കാർ സ്റ്റേഷനിൽ ഇടവിട്ടുവന്നു പോകുന്ന ഗൊണ്ടോളകളൊന്നിൽ ഞങ്ങളും കയറി. മൂവായിരത്തോളം മീറ്റർ ഉയരമുള്ള പർവത മുകളിലേക്ക് ഒരു മനോഹര യാത്രയുടെ തുടക്കം. ഉയരേക്ക് പോകുമ്പോൾ എത്തുന്ന ആദ്യത്തെ സ്റ്റേഷനാണ് ട്രോയിസ്. അതുവരെ താഴേക്ക് നോക്കിയാൽ മഞ്ഞുപൂത്തു നിൽക്കുന്ന പൈൻ മരങ്ങളുടെ സുന്ദര ദൃശ്യം. ട്രോയ്സ് എത്തിയപ്പോൾ ഞങ്ങൾക്ക് മുൻപേ പോയ ഗൊണ്ടോളയിൽ നിന്നുള്ള ട്രക്കിങ് ടീം അംഗങ്ങൾ ഇറങ്ങി. അവിടെ നിന്നാണ് സുരക്ഷിതവും സുസജ്ജവുമായി സൂക്ഷിച്ചിരിക്കുന്ന ട്രക്കിംഗ് റൂട്ടുകൾ തുടങ്ങുന്നത്. വീണ്ടും മല മുകളിലേക്ക് കയറുമ്പോൾ പൈൻ മരങ്ങൾ അപ്രത്യക്ഷമായി. മഞ്ഞുപെയ്യുന്ന, മഞ്ഞു മൂടിയ മലകൾ മാത്രം.

രണ്ടാമത്തെ സ്റ്റേഷൻ സ്റ്റാൻഡ്, അവിടെ ഇറങ്ങണം. തുടർന്നങ്ങോട്ടുള്ള യാത്ര റോട്ടയറിൽ ആണ്. 360 ഡിഗ്രി കറങ്ങുന്ന കേബിൾ കാറിലിരുന്ന് മഞ്ഞുമൂടിയ പർവതനിരകളുടെ വിശാലമായ കാഴ്ച. ലോകത്തിലെതന്നെ ആദ്യത്തെ കറങ്ങുന്ന കേബിൾ കാർ.

അരമണിക്കൂർ യാത്രക്ക് ശേഷം എത്തിനിൽക്കുന്നത് ഒരു ബഹുനില കെട്ടിട സമുച്ചയത്തിലാണ്. ആദ്യം തന്നെ ഞങ്ങൾ താഴത്തെ നിലയിലെ മനുഷ്യ നിർമ്മിത മഞ്ഞു ഗുഹയിലേക്കാണ് കടന്നത്. നൂറ്റമ്പത് മീറ്റർ നീളത്തിൽ നടപ്പാത മുതൽ മേൽക്കൂര വരെ ഐസ് പാളികളാൽ നിർമിച്ചത്.

മൈനസ് ഡിഗ്രി താപനിലയിൽ പല്ലുകൾ കൂട്ടിയിട്ടിക്കുന്നുണ്ടായിരുന്നു. തൊട്ടു മുകളിലെ നിലയിൽ റെസ്റ്റോറന്റും സുവനീർ ഷോപ്പുകളും. ഒരു ചൂട് കാപ്പി കുടിച്ച ശേഷം ഞങ്ങൾ ഹിൽടോപ്പിലേക്ക് കയറി. കൂമ്പാരമായി പൌഡർ പോലെ മൂടിക്കിടക്കുന്ന പൊടിമഞ്ഞ്. തണുപ്പ് മൈനസ് നാല് ഡിഗ്രിയിൽ എത്തിനിൽക്കുന്നു. സുരക്ഷാ കവചങ്ങളെ ഭേദിച്ച് മേനിയാസകലം മരവിപ്പിക്കുന്ന തണുപ്പ്..

മഞ്ഞുപെയ്യുന്നുായിരുന്നു. അന്തരീക്ഷം മേഘാവൃതവും. കാലാവസ്ഥ മോശമാകയാൽ കൊടുമുടികളെ ബന്ധിപ്പിക്കുന്ന തൂക്കുപാലം അടച്ചിട്ടിരിക്കുകയായിരുന്നു. അതിനാൽ ക്ലിഫ് വാക്കിന്റെ സാഹസികത ഞങ്ങൾക്ക് അനുഭവിക്കാനായില്ല. ഷാരൂഖ് ഖാനും കജോളും അഭിനയിച്ച യാഷ് ചോപ്രയുടെ 'ദിൽവാലെ ദിൽഹം ദുനിയ ലേ ജായേംഗേ' എന്ന ബോളിവുഡ് ഹിറ്റ് ചിത്രത്തിലെ ഗാനരംഗങ്ങൾ ചിത്രീകരിച്ച ഇടം. മഞ്ഞുപൊഴിയുന്നത് കൂട്ടാക്കാതെ, അവിടെ സ്ഥാപിച്ചിരിക്കുന്ന ഷാരൂഖിന്റെയും കാജോളിന്റെയും കൂറ്റൻ കട്ട്ഔട്ടിന് മുൻപിൽ പോസ്ചെയ്ത് ഒരു പടം എടുക്കാൻ ഞങ്ങൾ മറന്നില്ല. മഞ്ഞുവീഴ്ച കനത്തപ്പോൾ ഞങ്ങൾ താഴേക്ക് ഇറങ്ങി. പടിയുടെ ചുവട്ടിൽ ചെറിയൊരു ആൾക്കൂട്ടം. നേരത്തെ കോഫി ഷോപ്പിൽ വച്ചു പരിചയപ്പെട്ട നോർത്ത് ഇന്ത്യൻ പട്ടേൽ കുടുംബം. കുടുംബനാഥന്റെ തോളിൽ കിടന്ന ലെതർ ബാഗിന്റെ സിബ് തുറന്നിരിക്കുന്നു. ബാഗിന്റെ ഉള്ളറയിൽ സൂക്ഷിച്ചിരുന്ന ഏതാനും സ്വിസ് ഫ്രാങ്ക് കളവ് പോയിരിക്കുന്നു. കാശ് നഷ്ടമായ വിഷമത്തിലും അതിനോടൊപ്പം സൂക്ഷിച്ചു വെച്ചിരുന്ന പാസ്പോർട്ടും അനുബന്ധരേഖകളും കൈക്കലാക്കാത്തതിന് അദ്ദേഹം മോഷ്ടാവിനോട് മനസ്സുകൊണ്ട് നന്ദിപറയുന്നത് പോലെ തോന്നി.

വേണമെങ്കിൽ മോഷണവും ഒരു കലയാണെന്ന് പറയാം. അതിനിപ്പോൾ സ്വദേശമെന്നോ വിദേശമെന്നോ വേർതിരിവൊന്നുമില്ല. ടൂറിസ്റ്റുകൾക്കിടെ ഒരു മോഷ്ടാവിന്റെ കണ്ണുകൾ നമ്മെ പിന്തുടരുന്നുണ്ടാവാം. ചുറ്റുമുള്ള പ്രകൃതിഭംഗിയിൽ മയങ്ങി പരിസരം മറന്ന് നമ്മൾ നിൽക്കുമ്പോളാകാം അല്ലെങ്കിൽ ഒരു ഫോട്ടോ പോയിന്റിൽ തിരക്കിട്ട് ഫോട്ടോ എടുക്കുന്നതിനിടെയാകാം. നമ്മുടെ ശ്രദ്ധ തെറ്റുന്ന ഒരു നിമിഷം മതി, ഈ കലാകാരന് തന്റെ കഴിവ് പ്രകടിപ്പിക്കുവാൻ. അനുഭവം ഗുരു. ഞങ്ങൾ കൂടുതൽ ജാഗരൂകരായി. പിന്നീട് ഞങ്ങൾ മൂന്നാമത്തെ നിലയിൽ നേരത്തെ കണ്ടുവെച്ച ഫോട്ടോ സെന്ററിൽ എത്തി. പരമ്പരാഗത സ്വിസ് വേഷവും പ്രദേശിക ആടയാഭരണങ്ങളുമൊക്കെ ധരിച്ച് ഒരു ഫോട്ടോ ഷൂട്ടിന് തയ്യാറായി. നമ്മുടെ സ്ഥാവര ജംഗമ സ്വത്തുക്കളൊക്കെ റിസപ്ഷൻ കൗണ്ടറിൽ ഏൽപ്പിക്കാൻ നിർദ്ദേശം. പാസ്പോർട്ടും കാർഡുകളും അല്പം സ്വിസ് ഫ്രാങ്കും അടങ്ങിയ ബാഗിനെ എവിടെയും ഒറ്റപ്പെടുത്തില്ല എന്ന ഞങ്ങളുടെ നിർബന്ധത്തിന് ഒടുവിൽ അവർക്ക് വഴങ്ങേണ്ടി വന്നു.

തിരികെ വീണ്ടും ട്രെയിനിൽ ലൂസേർനിലേക്ക്. റെയിൽവെ സ്റ്റേഷന് മുൻപിലുള്ള ബസ് സ്റ്റോപ്പിൽ അപ്പാർട്മെന്റിലേക്ക് പോകാനുള്ള ബസ് കാത്ത് ഞങ്ങൾ നിന്നു. പത്ത് മിനുറ്റിനുള്ളിൽ ബസ്സ് വരും. ഞങ്ങളുടെ സംസാരം ശ്രദ്ധിച്ചു നിന്ന മധ്യവയസ്കൻ അടുത്തേക്ക് വന്നു. 'ഇന്ത്യയിൽ നിന്നാണോ?' പകുതി മുറിഞ്ഞ തമിഴിൽ അയാൾ ചോദിച്ചു. നര കയറിയ മുടിയും മെലിഞ്ഞ ശരീരവും. അയഞ്ഞ ഷർട്ട്. തോളിലൊരു തുണി സഞ്ചിയും. 'അതേ.' 'പാലക്കാട് നിന്നാണോ?' 'അല്ല കൊല്ലത്തുനിന്നാണ്.' 'അപ്പോൾ തിരുവനന്തപുരം അടുത്തല്ലേ?' അയാൾ കേരളത്തിനെ കുറിച്ചുള്ള തന്റെ വിജ്ഞാനം വിളമ്പികൊണ്ട് സംസാരം തുടർന്നു. ഇവിടെ എവിടെയാണ് താമസം? ഞങ്ങൾ അപ്പാർട്മെന്റിന്റെ പേര് വെളിപ്പെടുത്തി. പെട്ടെന്ന് ശാസനയോടെ ബ്രയിനിൽനിന്നുള്ള സിഗ്നൽ.. അപരിചിതനാണ്. അധികം അടുപ്പിക്കേണ്ട. പിന്നീട് അയാൾ ചോദിച്ചതിനൊക്കെ ഞങ്ങളോട് അല്ല എന്ന മട്ടിൽ മുഖം തിരിച്ചു നിന്നു. ഞങ്ങൾക്ക് പോകാനുള്ള പത്തൊൻപതാം നമ്പർ ബസ്സ് വന്നു. പുറപ്പെടുന്നതിന് മുമ്പ് പുറകിലത്തെ വാതിലിലൂടെ അയാൾ തിരക്കിട്ട് ബസ്സിലേക്ക് കയറുന്നത് കണ്ടു. അയാൾ നമ്മെ പിന്തുടരുകയാണോ? ഞങ്ങൾ ഭീതിയോടെ പരസ്പരം നോക്കി. ഞങ്ങൾ ഇറങ്ങിയ സ്റ്റോപ്പിൽ തന്നെ അയാളും ഇറങ്ങി. ഞങ്ങളുടെ അപ്പാർട്മെന്റിന്റെ ദിശയിൽ നടക്കാൻ തുടങ്ങി. ഒരു നിമിഷം സംശയിച്ചശേഷം അയാളെ ഒഴിവാക്കാനായി ഞങ്ങൾ എതിർ ദിശയിലേക്ക് നടന്നു. തലേ ദിവസത്തെ സയാഹ്നസവാരിക്കിടെ കണ്ടുവെച്ച കുറുക്കുവഴിയിലൂടെ അപ്പോർട്ട്മെന്റിലേക്ക് കടന്നു.

അടുത്തദിവസം വൈകിട്ടാണ് സൂറിച്ചിൽ നിന്ന് മാഞ്ചസ്റ്ററിലേക്ക് മടങ്ങാനുള്ള ഫ്ലൈറ്റ്. അതിനായി ഉച്ചക്ക് 12 മണിക്കുള്ള ട്രെയിനിൽ ലൂസെർണിൽ നിന്ന് സൂറിച്ചിലേക്ക് പോകണം. രാത്രി തന്നെ ഞങ്ങൾ പെട്ടിയെല്ലാം പാക്ക് ചെയ്തു വച്ചു. ചോക്ലേറ്റോറിയത്തിൽ നിന്നും വാങ്ങിയ സ്വിസ് ചോക്ലേറ്റ്സും ചീസ് ഫാക്ടറിയിൽ നിന്ന് സമ്മാനമായി കിട്ടിയ ചീസ് പാക്കറ്റും ഭദ്രമായി ബാഗിൽ വെച്ചു.

തിരിച്ചു പോകേണ്ട പിറ്റേ ദിവസം രാവിലെ ബ്രേക്ഫാസ്റ്റ് തയ്യാറാക്കാൻ മുട്ടയും പാലുമൊക്കെ വാങ്ങാനായി അപ്പാർട്ട്മെന്റിന് സമീപം കണ്ടു വെച്ചിരുന്ന ശ്രീലങ്കൻസ് നടത്തുന്ന കടയിലെത്തി. ക്യാഷ്യരുടെ സീറ്റിൽ അതാ ഞങ്ങൾ തലേ ദിവസം ബസ്സ് സ്റ്റോപ്പിൽ വെച്ച് കണ്ട, സംശയത്തിന്റെ നിഴലിൽ നിർത്തിയ മധ്യവയസ്കൻ. അയാൾ പരിചിത ഭാവത്തിൽ ചിരിച്ചു. ഞങ്ങൾ ചോദിച്ചതൊക്കെ എടുത്തുതരാൻ സഹായിച്ചു. ഒടുവിൽ കൊച്ചുമോൾക്ക് കൊടുക്കാനെന്നു പറഞ്ഞു സമ്മാനമായി ഒരു ബോട്ടിൽ ഫ്രൂട്ട് ജാമും കുറച്ച് ചോക്ലേറ്റും സന്തോഷത്തോടെ ഞങ്ങളെ ഏൽപ്പിച്ചു. തിരികെ അപ്പോർട്ട്മെന്റ്സിലേക്ക് നടക്കുമ്പോൾ കിട്ടിയ അവസരം പാഴാക്കാതെ ഹൃദയം ബ്രെയിനിനെ ലെഫ്റ്റ് ആൻഡ് റൈറ്റ് ഫയർ ചെയ്തുകൊണ്ടിരുന്നു.. എപ്പോഴും നീ പറയുന്നതും പ്രവർത്തിക്കുന്നതും ശരിയാകണമെന്നില്ല...

ഒടുവിൽ മടക്കം. ഒരു വസന്തകാലം ഞങ്ങൾക്കായി ഒരുക്കിവെച്ച് സൗമ്യമായി സ്നേഹപുരസ്സരം ഞങ്ങളെ സ്വീകരിച്ചു സൽക്കരിച്ച സ്വിറ്റ്സ്വെർലൻഡിനോട് വിടപറയുമ്പോൾ മനസ്സ് നിറഞ്ഞിരുന്നു. ഭൂമിയിലെ പറുദീസ എന്ന വിശേഷണം തികച്ചും അനുയോജ്യമായ വീണ്ടും വീണ്ടും പോകാൻ ഇഷ്ടം തോന്നുന്ന ഒരിടം.

The Wounded "- My Acrylic canvas painting
Dr. Tina Avinash

Dr. Aparna Anand
'BRANCHING OUT INTO THE WORLD OF COLOUR'S
acrylic painting

Dr. Mini Mathew
oil on canvas.

In the lap of nature Dr. Priya Urikoth

Autumn… the new beginning

Rays of hope

Dr. Priya Urikoth